**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2603** **04-03-2025 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത വ്യവസായമായ കയർ മേഖലയ്ക്കായി സംസ്ഥാന ബജറ്റിൽ കടുത്ത അവഗണനയാണ് എന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ബജറ്റിൽ കയർ മേഖലയ്ക്ക് ഉചിതമായ പരിഗണന നൽകുന്നുണ്ട്. പരമ്പരാഗത കയർ മേഖലയ്ക്കായി സംസ്ഥാന ബജറ്റിൽ ക്രയവില സ്ഥിരതാ പദ്ധതിക്കായി 38 കോടി രൂപയും, മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റന്റ്സ് സംസ്ഥാന വിഹിതമായി 10 കോടി രൂപയും, കയർ സംഘങ്ങൾക്കുള്ള പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് ആയി 9 കോടി രൂപയും ഉൾപ്പെടെ ആകെ 107.69 കോടി രൂപ കയർ മേഖലയ്ക്കായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന് പുറമെ തൊഴിൽ വകുപ്പിന്റെ വിഹിതമായി പരമ്പരാഗത കയർ തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് സ്കീം പദ്ധതിയിലും തുക വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ചെറുകിട കയർ ഫാക്ടറികൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ ഈ പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ക്രയവില സ്ഥിരതാ പദ്ധതി, മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നതും തുടർന്നും നടപ്പിലാക്കുന്നതിന് സംസ്ഥാന ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ, വിപണിക്കനുയോജ്യമായ നവീന ഉൽപ്പന്നങ്ങൾ നിർമ്മിച്ചെടുക്കുന്നതിന് തൊഴിലാളികളെ പ്രാപ്തമാക്കും വിധം നൈപുണ്യ/പരിശീലന പരിപാടികൾക്കും പദ്ധതിയുണ്ട്. |
| (സി) | ഈ മേഖലയ്ക്കായുള്ള മുൻ ബജറ്റുകളിലെ പ്രഖ്യാപനങ്ങളിൽ ഭൂരിഭാഗവും ഫണ്ടിന്റെ അപര്യാപ്തത കാരണം നടപ്പാകാത്ത സ്ഥിതിയിലാണോയെന്നും എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | 2024-25 സാമ്പത്തിക വർഷത്തിൽ മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് ഇനത്തിൽ സംസ്ഥാന സർക്കാർ വിഹിതമായി 10 കോടി രൂപയും, പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ 6.4കോടി രൂപയും കയർ മേഖലയിലെ പൊതു മേഖല സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കുമായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീമിൽ 12.49 കോടി രൂപ |

| | | | |
|---|---|---|---|
| | | | നാളിതുവരെ പ്രോജക്റ്റ് ഓഫീസുകൾ വഴി പരമ്പരാഗത കയർ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ക്രയവില സ്ഥിരതാ പദ്ധതിയിൽ കയർഫെഡിനും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും ചേർത്ത് ആകെ 22.75 കോടി രൂപ നടപ്പ് സാമ്പത്തികവർഷം അനുവദിച്ച് നൽകിയിട്ടുണ്ട്. കയർ സംഘങ്ങളിലെ സ്പിന്നിംഗ്, ഡിഫൈബറിംഗ് മെഷിനുകളുടെ അറ്റകുറ്റപ്പണിക്കും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ച് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി (KSCMMC) വഴി നടപ്പിലാക്കുന്നതിന് ആദ്യഘട്ടത്തിൽ 1.47 കോടി രൂപ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനിക്ക് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ